177 (2493) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി 2000 ഏപ്രിൽ മുതൽ ജനറൽ ഹെൽത്തിൽ ലയിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം ലയനം നടക്കുമ്പോൾ പദ്ധതിയിൽ നിലവിലുള്ള ജീവനക്കാരെ നിലനിർത്തുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ സമിതിയെ നിയോഗിച്ചിരുന്നോ;

(സി) എങ്കിൽ ഈ സമിതി എത്രതവണ യോഗം കൂടിയിട്ടുണ്ട്;

(ഡി) യോഗതീരുമാനം വെളിപ്പെടുത്തുമോ;

(ഇ) ഇവ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(എഫ്) ജീവനക്കാരെ നിലനിർത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നോ;

(ജി) എങ്കിൽ ഡയറക്ടർ ഇതിന്മേൽ എന്തുനടപടി സ്വീകരിച്ചു; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ഇല്ല.

(സി)(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്)&(ജി) ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ഇക്കാര്യത്തിൽ ചർച്ച നടത്തി വരികയാണ്.

178 (2494) കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന് തീവ്രയത്ന പരിപാടി

ശ്രീ. എ. അലി ഹസ്സൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന് സർക്കാർ നടപ്പിലാക്കുന്ന തീവ്രയത്ന പരിപാടിയുടെ പ്രവർത്തനപുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഈ പരിപാടിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ;

(സി) ഈ പരിപാടിക്ക് സംസ്ഥാനതലത്തിൽ വ്യാപകമായ പ്രചരണം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സന്നദ്ധ സംഘടനകളുടെ സേവനം കൂടി ലഭ്യമാക്കി ഈ പരിപാടി 2009 ആണ്ടിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുഷ്ഠരോഗ നിർമ്മാർജ്ജന തീവ്രയത്നപരിപാടിയുടെ ഭാഗമായി രണ്ടാംഘട്ട എം.എൽ.ഇ.സി. നമ്മുടെ സംസ്ഥാനത്ത് ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പരിപാടിയുടെ പ്രധാനപ്പെട്ട പ്രവർത്തന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

1) ആരോഗ്യ വിദ്യാഭ്യാസ പ്രചരണ പരിപാടികൾ.

2) രോഗബാധിതരെ കണ്ടെത്തൽ, എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും തുടങ്ങുന്ന വി. ആർ. സി. വോളന്ററി റിപ്പോർട്ടിംഗ് സെന്ററിൽ കൂടി.

3) പരിശീലന പരിപാടികൾ.

മെഡിക്കൽ ഓഫീസർമാർ എല്ലാവിഭാഗം ജനറൽ ഹെൽത്ത് സ്റ്റാഫ്, അംഗനവാടി ജോലിക്കാർ, സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങി എല്ലാ ആരോഗ്യ മേഖലയിലുമുള്ളവർക്കും. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും, എല്ലാ വിഭാഗം ആരോഗ്യവകുപ്പ് ജീവനക്കാരുടെയും പരിശീലനം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ആരോഗ്യവിദ്യാഭ്യാസ പ്രചരണപരിപാടിയുടെ ഭാഗമായി വിപുലമായ മാസ്മീഡിയ ഉൾപ്പെടെയുള്ള പ്രചരണപരിപാടികൾ തയ്യാറായിക്കൊണ്ടിരിക്കുന്നു.

4) രോഗബാധിതർക്ക് ചികിത്സ നൽകുക. ഈ പരിപാടിയുടെ സംസ്ഥാനതല ഉൽഘാടനം 24.2.2000-ൽ വകുപ്പുമന്ത്രി നിർവ്വഹിച്ചു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആത്മാർത്ഥമായ സഹായവും പങ്കാളിത്തവും അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

179 (2495) നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാം എപ്പോൾ അവസാനിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയിലെ സ്റ്റാഫിനെ ജനറൽ ഹെൽത്തിൽ ലയിപ്പിക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒന്നാം ഘട്ടം പ്രോജക്ട് 2000 മാർച്ച് 31-ന് അവസാനിപ്പിക്കണമെന്നാണ് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം.

(ബി) ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

180 (2496) കുഷ്ഠരോഗ നിർമ്മാർജ്ജ പരിപാടിയിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ ഭാവി

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly